Talented Bankers Literary Panel
പുസ്തകപരിചയം 260

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

"കൊച്ചിക്കാർ"
ഫോർട്ട് കൊച്ചി - മട്ടാഞ്ചേരിയുടെ അദൃശ്യ പൈതൃകാന്വേഷണം -ബോണി തോമസ്

ജോലി ചെയ്യുന്നത് കൊച്ചിയിൽ ആയിരുന്നിട്ട് കൂടി ഫോർട്ട് കൊച്ചിയിലൊന്ന് പോകാനോ, രണ്ട് മൂന്നു ദിവസം ഫോർട്ട് കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളിൽ കുടുംബസമ്മേതം തങ്ങാനോ കഴിഞ്ഞിട്ടില്ല. അനിയന്ത്രിതമായി കടന്നു വരുന്ന ജോലി തിരക്കുകൾ തന്നെ കാരണം. നാളെയാകട്ടെ നാളെയാകട്ടെ എന്ന് കരുതി എന്നും മാറ്റി വെക്കും.
കലൂർ മാതൃഭൂമി ബുക്സിൽ പുസ്തകഷെൽഫുകൾക്കിടയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും കണ്ണോടിച്ചപ്പോഴാണ് വളരെ യാദൃശ്ചികമായിട്ട് ഈ പുസ്തകത്തിൽ എന്റെ കണ്ണുകളുടക്കിയത്. തലക്കെട്ട് കണ്ടപ്പോൾ തന്നെ മനസ്സിൽ പഴയ ഓർമ്മകൾ വന്നു നിറഞ്ഞു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 2013ൽ ജോലിക്ക് കയറുമ്പോൾ ട്രെയിനിങ് ഫോർട്ട്കൊച്ചിയിലെ ഡച്ച് സെമിത്തേരിയ്ക്കടുത്തുള്ള എസ്. ബി.ഐ ട്രെയിനിങ് സെന്ററിലായിരുന്നു. രണ്ടാഴ്ച കാലം നീണ്ടു നിന്ന സെഷൻ.. ഉഫ്.. ❤️🔥 രണ്ടും കല്പിച്ചു ഞാൻ ഈ പുസ്തകം വാങ്ങി. തൊട്ടടുത്ത് വന്ന അവധി ദിനങ്ങൾ ഫോർട്ട് കൊച്ചിയിൽ കുടുംബത്തിനോടൊപ്പം കറങ്ങാനിറങ്ങി. ഈ പുസ്തകത്തെയും കൂടെ കൂട്ടി..

ഡച്ച് സെമിത്തേരിയ്ക്കടുത്തുള്ള റിസോർട്ടിന്റെ ബാൽക്കണിയിൽ കടലിനഭിമുഖമായിരുന്ന് ഞാൻ വായന തുടങ്ങി. 228 പേജുകൾ വായിച്ചു തീർക്കാൻ എനിക്ക് അധികനേരം വേണ്ടി വന്നില്ല. പുസ്തകത്തിന്റെ ഭാഷ അത്രമേൽ ലളിതവും സുന്ദരവുമായിരുന്നു.
സ്പർശിക്കാവുന്ന അനേകം പൈതൃക ചിഹ്നങ്ങളുണ്ട് കൊച്ചിയിൽ. എന്നാൽ സ്പർശിക്കാനാവാത്ത പൈതൃകചിഹ്നങ്ങളുടേതുമാണ് കൊച്ചി. സ്പർശിക്കാനാവാത്ത പൈതൃകത്തിന്, Intangible Heritage എന്നതാണ് ഇംഗ്ലീഷ്. ഈ പുസ്തകത്തിന്റെ ഉള്ളടക്കം കൊച്ചിയുടെ Intangible Heritage അഥവാ അദൃശ്യപൈതൃകമേഖലയിലേക്കുള്ള പ്രവേശികയാണെന്ന് എഴുത്തുകാരനായ ബോണി തോമസ് വിശേഷിപ്പിക്കുന്നു.

തുറമുഖ സാന്നിധ്യം നൽകിയ ലോകപരിചയമാണ് കൊച്ചിയുടെ പൈതൃക സംസ്കാരവിശേഷങ്ങൾ. മലയാളം കൂടാതെ തമിഴ്, തുളു, കന്നട, തെലുങ്ക്, ഉറുദു, കൊങ്കണി, മറാത്തി, ഗുജറാത്തി, കച്ചി മാർവാഡി, രാജസ്ഥാനി, ഹരിയാൻവി, ഹിന്ദി, കാശ്മീരി, ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന മുപ്പതിൽപരം സമൂഹങ്ങൾ പതിറ്റാണ്ടുകളായും നൂറ്റാണ്ടുകളായും കൊച്ചിയിൽ സഹവസിക്കുന്നു. കേവലം നാലര സ്ക്വയർ കിലോമീറ്റർ

മാത്രം വിസ്താരമുള്ള പ്രദേശമാണ് ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയുമൊക്കെ. ചരിത്രപരമായ കാരണങ്ങളാൽ അറബി, പോർച്ചുഗീസ്, ഡച്ച് ഇംഗ്ലീഷ് ഭാഷകൾ ഉപയോഗിക്കപ്പെട്ട കൊച്ചിയിൽ ഈ ഭാഷകളുടെ സ്വാധീനമെല്ലാം അതിന്റെ സംസ്കാരത്തിലുണ്ട്. മുപ്പത്തി മൂന്നു അദ്ധ്യായങ്ങളിലൂടെ അത്രെയും തന്നെ സമൂഹങ്ങളുടെ കഥകൾ എഴുത്തുകാരൻ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. യെമൻകാരുടെ തക്വാവിലെ തങ്ങൾ വീട്, നെഹേമിയ മോത്തയുടെ ശവകുടീരം, പരദേശികളെന്നും മലബാറികളെന്നും തരംതിരിഞ്ഞ മട്ടാഞ്ചേരിയിലെ യഹൂദർ, മലബാറി യഹൂദരിൽ കടവുംഭാഗക്കാർ തെക്കുംഭാഗക്കാർ, വെള്ള-കറുത്ത യഹൂദവിഭാഗങ്ങൾ, അവരുടെ ആരാധനാലയങ്ങളായ സിനഗോഗുകൾ, പരദേശി സിനഗോഗ്, ഡച്ച് സെമിത്തേരി, ജ്യൂ സ്ട്രീറ്റ്, ഡോബി സ്ട്രീറ്റ്, പാലസ് റോഡിലെ തുളു ബ്രാഹ്മണ ആഹാരകട, ബോഹ്റ ആരാധനാലയം അങ്ങനെ പലതിനെയും കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു .. ഇവിടെ വാസമുറപ്പിച്ച മുപ്പതോളം സമൂഹങ്ങളുടെ ചരിത്രം മാത്രമല്ല, അവരുടെ കഥകൾ, ഭാഷ, ഭക്ഷണരീതികൾ, ജോലി, രാഷ്ട്രീയം, ജീവിതശൈലി, കാഴ്ചപ്പാടുകൾ, മതം, വിശ്വാസങ്ങൾ, ആഘോഷങ്ങൾ എന്നിവയിലേക്കെല്ലാം ഈ പുസ്തകം വെളിച്ചം വീശുന്നുണ്ട്. ചരിത്രപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ജീവിതസംസ്കാര രേഖകളാകുന്നു ഈ മുപ്പത്തിമൂന്ന് ലേഖനങ്ങൾ.

ഭാഷ, വംശീയസ്വത്വം എന്നിവയുടെ അപഗ്രന്ഥനത്തിലൂടെ കൊച്ചിയുടെ ചരിത്രപഠനത്തിന് ഒരു പുതിയ വാതിൽ തുറക്കുകയാണ് ബോണി തോമസ്. നൈനാൻ, അഗാർവാൾ, ഹെഗ്ഡെ, ഐസാക്ക്സ് തുടങ്ങി ഒട്ടനവധി കുടുംബപേരുകളെ കുറിച്ചും അവരുടെ കുടുംബങ്ങളെ കുറിച്ചും ഇതിൽ വിവരിക്കുന്നു. രസകരമായ പല വസ്തുതകളും ഞാൻ ഈ പുസ്തകത്തിൽ നിന്ന് വായിച്ച് മനസ്സിലാക്കി. യഹൂദർക്കിടയിലെ വേർതിരിവ് - വെള്ളയഹൂദരും കറുത്ത യഹൂദരും. വെള്ള യഹൂദരെന്നാൽ തൊലി വെളുത്തവർ എന്നല്ല, കറുത്ത യഹൂദരെന്നാൽ തൊലി കറുത്തവർ എന്നുമല്ല. വംശശുദ്ധിയുള്ളവർ അതായത് തനി യഹൂദർ അതാണ് വെള്ളയഹൂദർ. കൊച്ചിക്കാർക്ക് 'മസാല ദോശ' യും 'ചപ്പാത്തി' യും പരിചയപ്പെടുത്തിയത് തുളുബ്രാഹ്മണരാണ്. വാസ്കോ ടാ ഗാമയെ സംസ്കരിച്ച സെന്റ് ഫ്രാൻസിസ് പള്ളി പോർച്ചുഗീസ് കാലത്തെയും, തൊട്ടടുത്തുള്ള ഡേവിഡ് ഹാൾ ഡച്ച് കാലഘട്ടത്തെയും അനുസ്മരിപ്പിക്കുന്നു. അങ്ങനെ ഒട്ടനവധി ചെറുതും വലുതുമായ കാര്യങ്ങൾ ഈ പുസ്തകം എനിക്ക് പറഞ്ഞു തന്നു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ സ്ഥാപകരിൽ ഒരാളായ എഴുത്തുകാരൻ ഈ പുസ്തകത്തിന്റെ സൃഷ്ടിയ്ക്ക് വേണ്ടി വളരെയധികം ഗവേഷണം നടത്തിയിട്ടുണ്ട് എന്നത് വ്യക്തം. ഒരു കേരളീയൻ, പ്രത്യേകിച്ച് ഒരു കൊച്ചിക്കാരൻ തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണിത് എന്ന് നിസ്സംശയം വിശേഷിപ്പിക്കാം.

പ്രസാധകർ: പ്രണതാ ബുക്സ്
വില: Rs.300/-

വാൽകഷ്ണം: പുസ്തകം വായിച്ചു തീർത്ത ഞാൻ തിരികെ മുറിയിലേക്ക് വന്നു. ഫോണിൽ ഗെയിം കളിച്ചു കൊണ്ട് ഭാര്യയും കുഞ്ഞും സോഫയിൽ ഇരിപ്പുണ്ട്. ഞാൻ അവളോട് പറഞ്ഞു. "നീ രാവിലെ എന്നോട് ചോദിച്ചില്ലേ ഈ കാണുന്ന ഡച്ച് സെമിത്തേരിയിലെ

കല്ലറകളിൽ ഒന്നിനും കുരിശ് ഇല്ലല്ലോ എന്ന്? എന്താണ് കാര്യമെന്ന് അറിയാമോ?? അവർ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ ആയിരുന്നു. പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ കുരിശ് ധരിക്കാറില്ല. പോർച്ചുഗീസുകാരാണ് കത്തോലിക്കർ, കുരിശ് അണിയുന്നവർ. അവർ തമ്മിൽ യുദ്ധം ഉണ്ടായതും ഈ കാരണം കൊണ്ട് തന്നെ." ഞാൻ അഭിമാനത്തോടെ ഉത്തരം പറഞ്ഞു. മനസ്സിൽ ബോണി തോമസിന് നന്ദി പറഞ്ഞു കൊണ്ട് ഞാൻ അങ്ങനെ സോഫയിൽ ഞെളിഞ്ഞിരുന്നു.